**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 238 07.08.2017 ൽ മറുപടിക്ക്

ആലത്തൂർ താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ താലൂക്ക് ആശുപത്രികളിൽ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്നത് ആലത്തൂർ താലൂക്ക് ആശുപത്രിയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആലത്തൂർ താലൂക്ക് ആശുപത്രിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 2.04 ഏക്കർ സ്ഥലത്താണ് നിലവിൽ ആശുപത്രി പ്രവർത്തിക്കുന്നത്. പ്രധാന കെട്ടിടങ്ങളെല്ലാം 50 വർഷത്തിലേറെ പഴക്കമുള്ളതാണ്. ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് ആധുനിക രീതിയിലുള്ള ഒരു ബഹുനില കെട്ടിടം അനിവാര്യമാണ്. അത്തരത്തിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ആശുപത്രിയിൽ ലഭ്യമല്ല. അതുപോലെതന്നെ ആശുപത്രിയോട് ചേർന്ന് സബ് ജയിൽ സ്ഥിതിചെയ്യുന്നതിനാൽ ലഭ്യമായ സ്ഥലത്ത് രണ്ട് നിലയിൽ കൂടുതലുള്ള കെട്ടിടം നിർമ്മിക്കുവാൻ കഴിയുകയില്ല. |
| (സി) | പ്രസ്തുത ആശുപത്രിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തും, വ്യക്തികളും സന്നദ്ധത അറിയിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (ഡി) | 1. ആർദ്രം മിഷന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ടതാലൂക്ക് ആശുപത്രികളുടെ പട്ടികയിൽ ആലത്തൂർ താലൂക്ക് ആശുപത്രി തെരഞ്ഞെടുക്കപ്പെട്ടുകയും ആദ്യഘട്ടമായി ടി ആശുപത്രിയിൽ രണ്ട് സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br>2 ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കും, എക്സ്റേ യൂണിറ്റിൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കും.<br>3. മാതൃ-ശിശു വിഭാഗം കെട്ടിടത്തിലേയ്ക്ക് ബാക്കി ആവശ്യമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, തിയേറ്റർ, ലേബർ റൂം, വാർഡുകൾ എന്നീ വിഭാഗങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ